# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3364 29/1/2014 ൽ മറുപടിയ്ക്ക്

## റബ്ബർ വിലയിടിവ് തടയാൻ കേന്ദ്രതലത്തിൽ നടത്തിയ കൂടികാഴ്ചകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ റബ്ബറിന്റെ വില എത്ര തവണ കുറഞ്ഞെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് റബ്ബറിന്റെ ശരാശരി വില 2011 മേയ് മാസത്തിൽ ക്വിന്റലിന് 24569 രൂപയായിരുന്നു. എന്നാൽ 2012 മേയ് മാസത്തിൽ ഇത് ക്വിന്റലിന് 20871 രൂപയായും 2013 മേയ് മാസത്തിൽ 19258 രൂപയായും കുറഞ്ഞിട്ടുണ്ട്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് റബ്ബറിന്റെ വില ക്വിന്റലിന് എത്ര രൂപയാണെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ സംസ്ഥാനത്ത് റബ്ബറിന്റെ ശരാശരി വില ക്വിന്റലിന് 16500 രൂപയാണ്. (2014 ജനുവരി മൂന്നാം ആഴ്ചയിലെ ശരാശരി വില) |
| (സി) | റബ്ബർ വിലയിടിവ് തടയാൻ മുഖ്യമന്ത്രിയുൾപ്പടെയുള്ള മന്ത്രിമാരും, സംസ്ഥാനത്തെ എം.പി മാരും, കേന്ദ്രത്തിൽ പ്രധാനമന്ത്രിയുമായും, യു. പി. എ അദ്ധ്യക്ഷയുമായും കേന്ദ്ര വാണിജ്യ വകുപ്പു മന്ത്രിയുമായും എത്ര തവണ കൂടിക്കാഴ്ച നടത്തിയെന്ന് വെളിപ്പെടുത്താമോ; | (സി) | റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും റബ്ബറിന്റെ വിലയിടിവ് നേരിടുവാനും കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പല പ്രാവശ്യം നിവേദനങ്ങൾ നൽകിയിട്ടുണ്ട്. റബ്ബറിന്റെ ഇറക്കുമതി |

തീരുവ കൂട്ടുവാനും സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാനും കയറ്റുമതി സബ്സിഡി ഏർപ്പെടുത്തുവാനും കേന്ദ്ര സർക്കാരിനോട് സംസ്ഥാനസർക്കാർ നിവേദനങ്ങളിലൂടെ പല പ്രാവശ്യം ആവശ്യപ്പെടുകയുണ്ടായി.

(ഡി) പ്രസ്തുത കൂടിക്കാഴ്ചയിൽ നൽകിയ ഉറപ്പുകൾ എന്തെല്ലാം; അവയിൽ ഇതിനകം പാലിക്കപ്പെട്ടവ ഏതെല്ലാം; വിശദമാക്കുമോ?

(ഡി) സംസ്ഥാനസർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതനു- സരിച്ച് 2013 ഡിസംബർ 2 മുതൽ ഇറക്കുമതി തീരുവ 20 ശതമാനമോ 30 രൂപയോ ഏതാണോ കുറവ് ആ നിരക്ക് എന്നാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ